നം.കെ.എസ്.എ.പി.റ്റി.എ.പി12/322/2019 തീയതി: 10.5.2019

**പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

## ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

**പറക്കോട് ബ്ലോക്ക് പഞ്ചായത്ത**ിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ബ്ലോക്ക് പഞ്ചായത്ത് 1.6.2017മുതൽ 16.2.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. എ എസ് ഷാജഹാൻ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 04.04.2019 **മുതൽ** 17.04.2019 **വരെ** |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം** | ശ്രീ. എൻ. പ്രദീപ് കുമാർ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

### പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി സൗദാമിനി (സൗദാ രാജൻ) | 1.4.2017 **മുതൽ** 31.3.2018വരെ |

### സെക്രട്ടറി

| | |
|---|---|
| ശ്രീ ശശികുമാർ വി | 1.4.2017 **മുതൽ** 27.04.2017വരെ |
| ശ്രീ വിഷ്ണുമോഹൻ ദേവ് | 28.4.2017 **മുതൽ** 31.08.2017വരെ |
| ശ്രീ ശശികുമാർ വി | 01.09.2017 **മുതൽ** 16.02.2018വരെ |
| ശ്രീമതി അഞ്ജന ജെ ആർ | 17.02.2018 **മുതൽ** 31.03.2018വരെ |

## റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**ഭാഗം 1: പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും ബ്ലോക്ക് പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

ബ്ലോക്ക് പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**അനുബന്ധം**

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്- 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2017-18
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2017-18

**1. സൂചിക**


| *ക്രമ നം.* | *വിഷയം* | *ഖണ്ഡിക നം.* |
|---|---|---|
| | **ഭാഗം 1- പൊതു അവലോകനം** | |
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയുടെ സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7. |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8. |
| | **ഭാഗം 2 - വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 10 | ഹരിത കർമ്മ സേന ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക ഈടാക്കിയില്ല. | 2-1. |
| | **ഭാഗം-3 - ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 11 | കുടിവെള്ള പൈപ്പ് ലൈൻ പ്രവൃത്തികൾ ഗ്രാമപ്പഞ്ചായത്തിന്റെ അനുമതിയില്ലാതെ ഏറ്റെടുക്കുന്നു. | 3-1. |
| 12 | സംയുക്തപദ്ധതികൾക്ക് കൈമാറിയ വിഹിതം വിനിയോഗിച്ചതിന്റെ ബാക്കി | 3-2. |

| | | |
|---|---|---|
| | തിരികെ വാങ്ങിയില്ല | |
| 13 | ബഡ്സ് സ്കൂൾ കെട്ടിടം - നാളിതുവരെ പ്രവർത്തനം ആരംഭിച്ചില്ല | 3-3. |
| 14 | ഗ്രാമപ്പഞ്ചായത്തിൽ നിന്ന് ആനുകൂല്യം ലഭിച്ചിരുന്നോ എന്ന് ഉറപ്പാക്കാതെ വ്യക്തിഗത ധനസഹായം നൽകി | 3-4. |
| 15 | വാല്യുവേഷൻ കണക്കാക്കാതെ പഠനമുറിയ്ക്ക് പരമാവധി സബ്സിഡി നൽകി | 3-5. |
| 16 | പഠനമുറിയ്ക്ക് സബ്സിഡി കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചില്ല | 3-6. |
| 17 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ പദ്ധതികൾ നടപ്പാക്കിയില്ല | 3-7. |
| 18 | സി എച്ച് സി ക്ക് ഡിജിറ്റൽ എക്സ്-റേ മെഷീൻ അപ്ഗ്രേഡ് ചെയ്യൽ - പദ്ധതി ലക്ഷ്യ പ്രാപ്തിയിലെത്തിയില്ല്ല. | 3-8. |
| 19 | മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല | 3-9. |
| 20 | ലൈഫ് പദ്ധതി ഒന്നാം ഘട്ടം - അവസാന ഗഡു കൈപ്പറ്റിയില്ല | 3-10. |
| 21 | സംയുക്തപദ്ധതികൾ - ആസൂത്രണത്തിൽ വീഴ്ച | 3-11. |
| 22 | അക്കൗണ്ടിൽ നിഷ്ക്രിയമായി അവശേഷിക്കുന്ന തുക സംബന്ധിച്ച തുടർനടപടികളില്ല | 3-12. |
| | <u>ഭാഗം 4 ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും</u> | |
| 23 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 24 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 30 | ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2017-18വർഷത്തെ ബഡ്ജറ്റ് 24.03.17-ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിച്ച് അംഗീകരിക്കുകയും, തുടർന്ന് ഭരണസമിതിയുടെ 25.03.17-ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. റിവൈസ്ഡ് ബഡ്ജറ്റ് 28. 02.18-ൽ അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | പ്രതീക്ഷിച്ചത് (പുതുക്കിയ ബഡ്ജറ്റ് പ്രകാരം) | യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം) | വ്യത്യാസം കൂടുതൽ | കുറവ് |
|---|---|---|---|---|
| മുന്നിരിപ്പ് | 40494114 | 26386617 | | 14107497 |
| വരവ് | 159197108 | 147210505 | | 11986603 |
| ആകെ | 199691222 | 173597122 | | 26094100 |
| ചെലവ് | 195489414 | 140126427 | | 55362987 |
| നീക്കിയിരിപ്പ് | 4201808 | 33470695 | 29268887 | |

യഥാർത്ഥ തുകകളിൽ നിന്നും ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി (അപാകത പരിഹരിച്ച് സമർപ്പിച്ചത്) |
|---|---|---|
| 2017-18 | 31.7.2018 | 15-05-2018 |

## 1-3 വാർഷിക ധനകാര്യപത്രികയുടെ സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2017-18 വർഷത്തെ വാർഷിക ധനകാര്യപത്രികയ്ക്ക് 09-07.2018- ലെ കെ.എസ്.എ.പി.റ്റി.എ. പി-12/ 713/18- നമ്പർ ആയി വിശേഷണങ്ങളില്ലാത്ത സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| *ഇനം* | *തുക* |
|---|---|
| മുന്നിരിപ്പ് | 26386617 |
| വരവ് | 147210505 |
| ആകെ | 173597122 |
| ചെലവ് | 140126427 |
| നീക്കിയിരിപ്പ് | 33470695 |

## 1-5 ഫണ്ട് വിനിയോഗം

എ. <u>സംസ്ഥാന ഗ്രാന്റുകൾ</u>

| മുൻ ബാക്കി | ബജറ്റ് പ്രകാരം വകയിരുത്തിയ തുക | തൻവർഷ വരവ്/ അലോട്ട്മെന്റ് തുക | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| 0 | 42622000 | 42622000 | 42622000 | 40418444 | 2203556 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | | | | | |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 27962000 | 27962000 | 27962000 | 22745022 | 5216978 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 207000 | 207000 | 207000 | 200000 | 7000 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5337000 | 5337000 | 5337000 | 5303582 | 33418 |
| പി.എം.എ വൈ | 10395472 | 30400248 | 30400248 | 40795720 | 20498209 | 20297511 |
| ഐ.എ.വൈ-പ്ലാൻ | 6577776 | 43647381 | 43647381 | 50225157 | 40447580 | 9777577 |
| ജനറൽ പർപ്പസ് ഫണ്ട് | 5429640 | 3808568 | 3582000 | 9011640 | 8376477 | 635163 |

<u>നോട്ട്</u>- വികസനഫണ്ട്, സംരക്ഷണ ഗ്രാന്റ് (റോഡിതരം) എന്നീയിനങ്ങളിൽ മേൽകാണിച്ചിരിക്കുന്ന നീക്കിയിരിപ്പ് തുകകൾ വർഷാവസാനം ലാപ്സായി പോയതിനാൽ യഥാർത്ഥ നീക്കിയിരിപ്പ് ഇല്ല.

**ബി <u>മറ്റ് ഫണ്ടുകൾ</u>**

| | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജനറൽ പർപ്പസ് ഫണ്ട് (ട്രഷറി) | 5429640 | 3582000 | 9011640 | 8376477 | 635163 |
| സാക്ഷരത (S.B.I) | 77886 | 23686 | 101572 | 0 | 101572 |
| ട്രഷറി ജോയിന്റ് വെൻചർ | 2014200 | 3342060 | 5356260 | 2975070 | 2381190 |

**സി. <u>തനത് വരുമാനം</u>**

| ഇനം | മുൻവർഷ വരവ് | തൻവർഷ വരവ് | വ്യത്യാസം |
|---|---|---|---|
| നികുതിയേതര വരവുകൾ | 5000 | 191118 | 186118 |
| മറ്റു വരവുകൾ | - | 329928 | 329928 |
| ആകെ | 5000 | 521046 | 516046 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 2017-18 | 115 | 114480484 | 88 | 70776408 | 27 | 61.82% |

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് | ചെലവ് |

| | | തുക | | തുക | ശതമാനം |
|---|---|---|---|---|---|
| ഉല്പാദനം | 5 | 18848020 | 2 | 1950000 | 10.34% |
| സേവനം | 36 | 58058684 | 23 | 40399719 | 69.58% |
| പശ്ചാത്തലം | 74 | 37573780 | 63 | 28426689 | 75.65% |
| **ആകെ** | 115 | 114480484 | 88 | 70776408 | **61.82%** |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 39 | 31 | 99470879 | 43406726 | 43.63 |
| അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ | 56 | 43 | 27745556 | 17751402 | 63.97 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 6 | 6 | 4682579 | 3404880 | 72.71 |
| സി ഡി പി ഒ | 6 | 3 | 6433450 | 1698400 | 26.39 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 1 | 0 | 8548020 | 0 | 0 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 2 | 10150000 | 1900000 | 18.71 |
| വ്യവസായ വികസന ഓഫീസർ ഓഫീസർ | 0 | 0 | 0 | 0 | 0 |
| പട്ടികജാതി വികസന ഓഫീസർ | 3 | 3 | 6750000 | 2615000 | 38.74 |

# 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-04-19 2 പി എം ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുക ഇല്ല എന്ന് ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി* |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2017ഡിസംബർ 21,22,26,27 | 2016-17 മുതൽ 2017നവമ്പർ വരെ | 20-04-2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28-02-2014 | 2010-11 മുതൽ 2012-13വരെ | 24-04-2014 |

## <u>ഭാഗം -2</u>

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഹരിത കർമ്മ സേന ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക ഈടാക്കുന്നതിനായി നിയമപരമായ തുടർനടപടികൾ സ്വീകരിച്ചില്ല

ബ്ളോക്ക് പഞ്ചായത്തിൽ അഗ്രോ സർവ്വീസ് സെന്ററിനു പകരമായി എവർഗ്രീൻ ആർമി പറക്കോട് ബ്ളോക്ക് ലേബർ ബാങ്ക് എന്ന പേരിൽ ഒരു സ്ഥാപനം പ്രവർത്തിച്ചു വരുന്നുണ്ട്. നിലവിൽ അഗ്രോ സർവ്വീസ് സെന്റർ ബ്ളോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. അഗ്രോ സർവ്വീസ് സെന്റർ വഴി നടപ്പിലാക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ എവർഗ്രീൻ ആർമി മുഖേനയാണ് നടപ്പാക്കി വരുന്നത്. ബ്ളോക്ക് പഞ്ചായത്തിന്റെ വിപണനകേന്ദ്രത്തിനായുള്ള കെട്ടിടത്തിൽ 2013 മുതൽ പ്രവർത്തിച്ചു വരുന്ന എവർഗ്രീൻ ആർമി എന്ന സ്ഥാപനത്തിന്റെ പക്കൽ നിന്നും കെട്ടിട വാടക നാളിതുവരെ ഈടാക്കിയിട്ടില്ല. ആയത് കുടിശ്ശിക സഹിതം ഈടാക്കുന്നതിനും എവർഗ്രീൻ ആർമിയുടെ സ്ഥാവര ജംഗമ വസ്തുക്കളും സാമ്പത്തിക വിനിമയവും അഗ്രോ സർവീസ് സെന്ററിൽ നിന്നും വേർതിരിച്ച് അഗ്രോ സർവ്വീസ് സെന്റർ സ്വതന്ത്രമായി നടത്തുന്നതിനും നടപടികൾ സ്വീകരിക്കാൻ 20-04-2017ലെ 01(3),1(6) നം തീരുമാനങ്ങളിലൂടെയും 26-05-17 ലെ 2(1) നമ്പർ തീരുമാനത്തിലൂടെയും ബ്ളോക്ക് പഞ്ചായത്ത് കമ്മറ്റി യഥാക്രമം സെക്രട്ടറിയെയും കൃഷി അസിസ്റ്റന്റ് ഡയറക്ടറേയും ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ഇതിനെ തുടർന്ന് എവർഗ്രീൻ ആർമി ഭാരവാഹികൾ കൃഷി വകുപ്പ് ഡയറക്ടർ മുതൽപ്പേരെ കക്ഷികളാക്കി ബഹു കേരള ഹൈക്കോടതി മുൻപാകെ റിട്ട് പെറ്റിഷൻ (Temp Ref. N .WPC/7584/17)ഫയൽ ചെയ്ത് മേൽനടപടികൾ സ്റ്റേ ചെയ്തു കൊണ്ടുള്ള ഉത്തരവ് വാങ്ങുകയുണ്ടായി. എന്നാൽ ബ്ളോക്ക് പഞ്ചായത്ത് ഇതിനെതിരെ കേസിൽ കക്ഷി ചേർന്ന് നിയമപരമായ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടിവെള്ള പൈപ്പ് ലൈൻ പ്രവൃത്തികൾ ഗ്രാമപ്പഞ്ചായത്തിന്റെ അനുമതിയില്ലാതെ ഏറ്റെടുക്കുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതികൾ മുഖേന വിവിധ കുടിവെള്ള പൈപ്പ് ലൈൻ പ്രവൃത്തികൾക്ക് തൻവർഷം തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനംപർ | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നംപർ | ഏത് ഗ്രാമപ്പഞ്ചായത്തിലെ പ്രവൃത്തി എന്ന വിവരം | ഡെപ്പോസിറ്റ് ചെയ്ത തുക | ബിൽ നംപർ, തീയതി |
|---|---|---|---|---|
| 1 | കൊടുമൺ അങ്ങാടിക്കൽ വാളക്കട ജംഗ്ഷൻ - തെക്കുംഭാഗം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO25/18 | കൊടുമൺ | 120000 | 590134 / 24.10.17 |
| 2 | ചാമക്കുന്നിൽപ്പടി - പുത്തൻവിളപ്പടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO25/18 | ഏറത്ത് | 580000 | |
| 3 | കിളിക്കോട് മർത്തോമ്മാചർച്ച് - വാഴോട്ട് തോട് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO25/18 | ഏനാദിമംഗലം | 485000 | |
| 4 | കൊടുമൺ ഗ്രാമപ്പഞ്ചായത്ത് - വിവിധ പ്രദേശങ്ങളിലെ ഇന്റർ കണക്ഷൻ | കൊടുമൺ | 640000 | |

| | | | | |
|---|---|---|---|---|
| | പ്രവൃത്തികളും പൈപ്പ് ലൈൻ എക്സ്റ്റൻഷനും SO25/18 | | | |
| 5 | കോടിയാട്ട്പടി - രണ്ടാംകുറ്റി വാർഡ് 11,12 - പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO25/18 | കൊടുമൺ | 225000 | 166559 / 15.3.18 |
| 6 | വല്ലഭത്തുമൂട് കിഴക്കേയറ്റത്ത്പടിയിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO25/18 | ഏനാദിമംഗലം | 419900 | 1257874 / 24.3.18 |
| 7 | അട്ടക്കോട് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO26/18 | പള്ളിക്കൽ | 90000 | 910296 / 23.1.18 |
| 8 | തെങ്ങുംതാര – മുല്ലംകുഴി കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO26/18 | പള്ളിക്കൽ | 500000 | |
| 9 | ചാങ്ങലിൽ- വള്ളിക്കുളം കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO26/18 | പള്ളിക്കൽ | 600000 | |
| 10 | പ്ലാച്ചേരിൽ കോളനി (വാർഡ് 12) പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO26/18 | പള്ളിക്കൽ | 110000 | |
| 11 | കൊടുമൺ ചിറയിൽ നിന്നും മിച്ചഭൂമി - ഇരുളിക്കൽ കോളനിയിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷനും ഇന്റർ കണക്ഷൻ പ്രവൃത്തികളും SO26/18 | കൊടുമൺ | 650000 | 1000254/ 12.2.18 |
| 12 | മൂഴിക്കൽ ലക്ഷംവീട് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO26/18 | കൊടുമൺ | 710000 | 87653 / 26.3.18 |
| 13 | അമ്മകണ്ടകര നാലുസെന്റ് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO26/18 | പള്ളിക്കൽ | 360000 | 01363 / 28.3.18 |

ഗ്രാമപ്പഞ്ചായത്തുകളുടെ രേഖാമൂലമുള്ള നിർദ്ദേശത്തോടെ മാത്രമേ ബ്ലോക്ക് പഞ്ചായത്തുകൾ കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കാവൂ എന്നും അറ്റകുറ്റപ്പണി പ്രോജക്ടുകൾ പാടില്ല എന്നും 2017-18 ലെ വാർഷിക പദ്ധതിക്കായുള്ള സബ്സിഡി മാർഗ്ഗരേഖയിൽ (സ.ഉ.(എം.എസ്) നംപർ 80/2017/തസ്വഭവ തീയതി 3.4.2017) സർക്കാർ നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപ്പഞ്ചായത്തുകളുടെ രേഖാമൂലമുള്ള അനുമതി വാങ്ങാതെയാണ് മേൽസൂചിപ്പിച്ച എല്ലാ പ്രവൃത്തികളും ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തത്. ആയത് ക്രമവിരുദ്ധമായ നടപടിയാണ്. ഈ വിഷയം സംബന്ധിച്ച് 16.4.2019 ൽ 6-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടി തൃപ്തികരമായിരുന്നില്ല. അതാത് ഗ്രാമപ്പഞ്ചായത്തുകളും ഇത്തരം പ്രവൃത്തികൾ ഏറ്റെടുത്ത് തുക ഡെപ്പോസിറ്റ് ചെയ്യുന്നതിലൂടെ ഫണ്ട് ദുർവ്യയത്തിന് ഇടയാക്കും എന്നതിനാൽ ഈ അപാകത കർശനമായും ഒഴിവാക്കേണ്ടതും ഗ്രാമപ്പഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് ഒടുക്കിയ തുക സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുമാണ്.

പ്രവൃത്തികൾ ഒന്നുംതന്നെ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ഇത്തരം പ്രവൃത്തികളുടെ പൂർത്തീകരണം മോണിട്ടർ ചെയ്യുന്നതിന് സംവിധാനം ഇല്ല എന്നത് അപാകതയാണ്. പ്രവൃത്തികളുടെ പൂർത്തീകരണത്തിന് നടപടി സ്വീകരിക്കേണ്ടതും അവയുടെ ഫൈനൽ ബില്ലിന്റെ പകർപ്പ് വാങ്ങി ഒടുക്കിയ തുക ക്രമീകരിക്കേണ്ടതുമാണ്.

## 3-2 സംയുക്തപദ്ധതികൾക്ക് കൈമാറിയ വിഹിതം വിനിയോഗിച്ചതിന്റെ ബാക്കി തിരികെ വാങ്ങിയില്ല

തൻവർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള സംയുക്തപദ്ധതികൾ പ്രകാരം ഗ്രാമപ്പഞ്ചായത്തുകൾക്ക് വിഹിതം കൈമാറിയെങ്കിലും അവ വിനിയോഗിച്ചശേഷം ബാക്കി തുക തിരികെ വാങ്ങി സഞ്ചിതനിധിയിൽ ഒടുക്കിയില്ല. വിനിയോഗം സംബന്ധിച്ച് ലഭിച്ച കണക്കുകളിലെ പിശക് കണ്ടെത്തി ക്രമീകരിക്കുന്നതിനും നടപടി സ്വീകരിച്ചില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1.ചാലപ്പറമ്പിൽ മറ്റപ്പള്ളിൽ ചരുവിൽ റോഡ് കോൺക്രീറ്റിംഗ് ( SO111/18)

കൊടുമൺ ഗ്രാമപ്പഞ്ചായത്തുമായി ചേർന്നുള്ള സംയുക്തപദ്ധതി പ്രകാരം 290000 രൂപ വികസനഫണ്ട് വകയിരുത്തി അത്രയും തുകതന്നെ ഗ്രാമപ്പഞ്ചായത്തിന്റെ റ്റി.എസ്.ബി അക്കൗണ്ടിലേക്ക് മാറി നൽകിയിട്ടുണ്ട്. (ബിൽ നംപർ 13207 / 31.10.17) എന്നാൽ ഗ്രാമപ്പഞ്ചായത്ത് ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രത്തിൽ 190000 രൂപ ലഭിച്ചതായും അതിൽ 149799 രൂപ വിനിയോഗിച്ചതായും ആണ് സൂചിപ്പിച്ചിട്ടുള്ളത്. കണക്കുകളിലെ ഈ വ്യത്യാസം ഗ്രാമപ്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും, ബാക്കിയുള്ള 140201 രൂപ തിരികെ വാങ്ങുന്നതിനും ഇതേവരെ നടപടി സ്വീകരിച്ചിട്ടില്ല.

2. പ്ലാവിനാംകുഴി - ഈട്ടിവിള കരയോഗം റോഡ്- ബ്ലോക്ക് വിഹിതം (SO108/18)

മേൽ സംയുക്തപദ്ധതി പ്രകാരം ഏനാദിമംഗലം ഗ്രാമപ്പഞ്ചായത്തിന്റെ TSB അക്കൗണ്ടിലേക്ക് 7 ലക്ഷം രൂപ ട്രാൻസ്ഫർ ചെയ്ത് നൽകി (ബിൽ നംപർ 825777 / 29.12.17). പദ്ധതിക്കായി ലഭിച്ച തുക പൂർണ്ണമായും വിനിയോഗിച്ചു എന്നാണ് ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി ബ്ലോക്ക് പഞ്ചായത്തിനെ അറിയിച്ചിട്ടുള്ളത്. എന്നാൽ 5 ലക്ഷം രൂപ മാത്രമാണ് പദ്ധതിക്കായുള്ള ബ്ലോക്ക് വിഹിതം ഇനത്തിൽ ലഭിച്ചതെന്നും ആയത് പൂർണ്ണമായി ചെലവഴിച്ചുവെന്നും ഗ്രാമപ്പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ വിനിയോഗ സാക്ഷ്യപത്രത്തിൽ സൂചിപ്പിക്കുന്നു. ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി നൽകിയ കണക്കുകൾ തെറ്റാണ് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. കണക്കുകളിലെ ഈ വ്യത്യാസം ഗ്രാമപ്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും, ബാക്കിയുള്ള തുക 2 ലക്ഷം രൂപ തിരികെ വാങ്ങുന്നതിനും ഇതേവരെ നടപടി സ്വീകരിച്ചിട്ടില്ല.

3. കൊടുമൺ ബസ് ബേ - അടിസ്ഥാന സൗകര്യങ്ങൾ -ബ്ലോക്ക് വിഹിതം (SO121/18)

മേൽ സംയുക്തപദ്ധതിപ്രകാരം ഗ്രാമപ്പഞ്ചായത്തിന് 8 ലക്ഷം രൂപ കൈമാറിയിരുന്നു (ബിൽ നംപർ 798185 യ18.12.17). ലഭിച്ച തുകയിൽ 556607 രൂപ പദ്ധതിക്കായി വിനിയോഗിച്ചു എന്ന് ഗ്രാമപ്പഞ്ചായത്ത് സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ബാക്കി 243393 രൂപ നാളിതുവരെ തിരികെ വാങ്ങിയില്ല.

കണക്കുകളിലെ വ്യത്യാസം ബ്ലോക്ക് പഞ്ചായത്ത് ശ്രദ്ധിച്ചിരുന്നില്ല എന്ന് ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നംപർ 7 തീയതി 16.4.2019) ലഭിച്ച മറുപടിയിൽ നിന്ന് വ്യക്തമാണ്. ആയത് അഭിലഷണീയമല്ല. തുടർനടപടി സ്വീകരിക്കേണ്ടതും ബാക്കിയുള്ള തുക തിരികെ വാങ്ങി സഞ്ചിതനിധിയിൽ ഒടുക്കേണ്ടതുമാണ്. ചെലവഴിക്കാൻ അവശേഷിക്കുന്ന 583594 രൂപ (140201 +200000 + 243393) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-3 ബഡ്സ് സ്ക്കൂൾ കെട്ടിടം - നാളിതുവരെ പ്രവർത്തനം ആരംഭിച്ചില്ല

2014-15 ലെ ജനകീയാസൂത്രണപദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് 26 ലക്ഷം രൂപ ചെലവഴിച്ച് ഏനാദിമംഗലം ഗ്രാമപ്പഞ്ചായത്തിൽ ബഡ്സ് സ്ക്കൂളിനായി കെട്ടിടം നിർമ്മിച്ച് കൈമാറി നൽകിയിരുന്നു. എന്നാൽ നാളിതുവരെ പ്രസ്തുത കെട്ടിടത്തിൽ ബഡ്സ് സ്ക്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് 16.4.2019 ൽ 8-ാം നംപരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.

ബഡ്സ് സ്ക്കൂളിന്റെ പ്രവർത്തനം ആരംഭിച്ച് പദ്ധതി ലക്ഷ്യം കൈവരിയ്ക്കുന്നതിന് ഗ്രാമപ്പഞ്ചായത്തുമായും സാമൂഹിക നീതി വകുപ്പുമായും ബന്ധപ്പെട്ട് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

# 3-4 ഗ്രാമപ്പഞ്ചായത്തിൽ നിന്ന് ആനുകൂല്യം ലഭിച്ചിരുന്നോ എന്ന് ഉറപ്പാക്കാതെ വ്യക്തിഗത ധനസഹായം നൽകി

വിവിധ പ്രോജക്ടുകൾ പ്രകാരം വ്യക്തിഗത ധനസഹായം നൽകുന്നതിന് മുന്നോടിയായി ബന്ധപ്പെട്ട ഗ്രാമപ്പഞ്ചായത്തിൽ നിന്ന് ഇതേ ഇനത്തിൽ ഗുണഭോക്താവിന് ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന

സാക്ഷ്യപത്രം വാങ്ങിയില്ല . ഗ്രാമപ്പഞ്ചായത്തുകളിൽ നിന്നുള്ള ഗ്രാമസഭാലിസ്റ്റ് വാങ്ങിയതിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പദ്ധതിയുടെ പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ | ആനുകൂല്യം ലഭിച്ച ഗുണഭോക്താവിന്റെ പേര് | ഗ്രാമപ്പഞ്ചായത്ത് | ബിൽനംപർ, തീയതി | നൽകിയ തുക |
|---|---|---|---|---|---|
| 1 | പ്രൊഫഷണൽ കോഴ്സിന് പഠിയ്ക്കുന്ന കുട്ടികൾക്ക് ധനസഹായം (SO45/18) (പട്ടികജാതിവികസന ഓഫീസർ) | അമൃത. പി, പാക്കണ്ടത്തിൽ വീട്, നെടുമൺകാവ് (പി.ഓ), കൂടൽ (എഞ്ചിനീയറിംഗ് ഡിഗ്രി - സംസ്ഥാനത്തിന് പുറത്ത്) | കലഞ്ഞൂർ | 4 / 17-18 തീയതി 16.3.18 | 50000 |
| 2 | | അശ്വിൻ. കെ.എസ്, കുന്നിൻപുറത്ത് വീട്, കടമ്പനാട് വടക്ക് (പി.ഓ) (B.Sc) | കടമ്പനാട് | 6/ 17-18 തീയതി 24.3.18 | 15000 |
| 3 | | ആര്യ. എ), അടൂശ്ശേരിവിള, മുണ്ടപ്പള്ളി, പാറക്കൂട്ടം (പി.ഓ), അടൂർ (M.Com) | പള്ളിക്കൽ | 6/ 17-18 തീയതി 24.3.18 | 15000 |
| 4 | | സൗമ്യ. എസ്, ചിറക്കേതിൽ തെക്കേക്കര, പഴകുളം പി.ഓ | പള്ളിക്കൽ | 6/ 17-18 തീയതി 24.3.18 | 15000 |
| 5 | | നീതു ആർ, നീതുഭവനം, കലഞ്ഞൂർ(പി.ഓ) | കലഞ്ഞൂർ | 6/ 17-18 തീയതി 24.3.18 | 15000 |
| 6 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി (SO48/18 -സെക്രട്ടറി) | ബിജു.റ്റി, കൊയ്പള്ളിൽ വടക്കേതിൽ, പയ്യനല്ലൂർ പി.ഓ (വിദ്യാർത്ഥി - ബിബിൻ) | പള്ളിക്കൽ | 26052 / 23.12.17<br>112516 / 6.3.18<br>5866 / 26.3.18 | 50000<br>25000<br>25000 |
| 7 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (SO44/18 -പട്ടികജാതി വികസന ഓഫീസർ) | ശ്രീജിത് ബി, പഞ്ഞിപ്പുല്ലുംവിളതെക്കേതിൽ, കൊടുമൺ പി.ഓ (പ്ലസ് ടു) | കൊടുമൺ | 85314 / 27.2.18 | 50000 * |
| 8 | | അതുല്യ.ജി, അതുല്യഭവനം, കൊടുമൺ (പ്ലസ് ടു) | കൊടുമൺ | 85314 / 27.2.18 | 50000 * |
| 9 | | രമ്യ.വി, അരിങ്കുളത്ത്, അങ്ങാടിക്കൽ തെക്ക് , കൊടുമൺ (പ്ലസ് വൺ) | കൊടുമൺ | 85314 / 27.2.18 | 50000 * |
| 10 | | ഗോപിക.ജി, മുളയറ തെക്കേതിൽ, അങ്ങാടിക്കൽ തെക്ക് പി.ഓ, കൊടുമൺ (പ്ലസ് വൺ) | കൊടുമൺ | 85314 / 27.2.18 | 50000 * |
| 11 | | അർച്ചന.ആർ, സരസ്വതിവിലാസം, അറുകാലിക്കൽ കിഴക്ക്, നെടുമൺ പി.ഓ (പ്ലസ് വൺ) | ഏഴംകുളം | 85314 / 27.2.18 | 50000 * |
| 12 | | സുധീഷ്.എസ്, കുളത്തിനാൽവടക്കേക്കര കൊടുമൺ | കൊടുമൺ | 85314 / 27.2.18 | 50000 * |

| | | | | | |
|---|---|---|---|---|---|
| | | (പ്ലസ് ടു) | | | |
| 13 | | സനൽ എസ്, അയണിവിള, കടിക, കൈതപ്പറമ്പ്(പി.ഓ) (പ്ലസ് വൺ) | ഏഴംകുളം | 90409 / 16.3.18 | 50000 * |
| 14 | | ഗണേഷ്.എസ്, ചരുവിള കിഴക്കേതിൽ, നെടുമൺ പി.ഓ (പ്ലസ് ടു) | ഏഴംകുളം | 90409 / 16.3.18 | 50000 * |
| 15 | | രഞ്ജിത.എം, ചിരണിക്കൽ, നെടുമൺ പി.ഓ | ഏഴംകുളം | 316512 / 27.3.18 | 50000 |
| 16 | | സുബിൻ കൃഷ്ണൻ, കോളനി പുത്തൻവീട്, നെടുമൺകാവ് പി.ഓ, കൂടൽ | കലഞ്ഞൂർ | 85314 / 27.2.18 | 50000 * |
| 17 | | ഗൗതംകൃഷ്ണ, ചരുവിളപടിഞ്ഞാറ്റേതിൽ, ആനയടി പി.ഓ | പള്ളിക്കൽ | 85314 / 27.2.18 | 50000 * |
| 18 | | നന്ദു, ചാങ്ങേത്ത് മേലേതിൽ, പെരിങ്ങനാട് പി.ഓ | പള്ളിക്കൽ | 75476 / 24.3.18 | 50000 * |
| 19 | | ആര്യ രാജഗോപാൽ, ഉപ്പിനിത്തറ തെക്കേതിൽ, ഇളംപള്ളിൽ, പയ്യനല്ലൂർ പി.ഓ | പള്ളിക്കൽ | 75476 / 24.3.18 | 50000 * |
| 20 | പട്ടികജാതി യുവജനങ്ങൾക്ക് ഓട്ടോറിക്ഷ വാങ്ങി നൽകൽ SO49/18 (പട്ടികജാതി വികസന ഓഫീസർ) | ശുഭാകുമാരി, മുരുപ്പേൽ, ഇളമണ്ണൂർ പി.ഓ | ഏനാദിമംഗലം | 1/YAR-SO/17-18 | 50000 |

(*ക്രമനംപർ 7 മുതൽ 19 വരെ ഗുണഭോക്താക്കൾക്ക് രണ്ടാമത്തെ ഗഡുവായ 50000 രൂപ 2018-19 ൽ നൽകി)

മേൽസൂചിപ്പിച്ച ഗുണഭോക്താക്കൾക്ക് ഗ്രാമപ്പഞ്ചായത്തുകളിൽ നിന്ന് ഇതേ ഇനത്തിൽ ധനസഹായം ലഭിച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്താതെ ബ്ലോക്ക് പഞ്ചായത്തിന്റെ ആനുകൂല്യം നൽകിയത് ക്രമവിരുദ്ധമായ നടപടിയാണ്. ഈ വിഷയത്തിൽ 16.4.2019 ൽ 9-ാംനംപരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഓഡിറ്റ് നിർദ്ദേശിച്ചപ്രകാരം തുടർനടപടികൾ ഉടൻതന്നെ സ്വീകരിക്കും എന്നറിയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഗ്രാമപ്പഞ്ചായത്തുകളിൽ നിന്ന് സാക്ഷ്യപത്രം വാങ്ങി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അതുവരെ ഈയിനത്തിൽ ചെലവഴിച്ച 910000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഫണ്ടിന്റെ ദുർവ്യയത്തിന് ഇടയാക്കും എന്നതിനാൽ ഇപ്രകാരമുള്ള അപാകത ഭാവിയിൽ കർശനമായും ഒഴിവാക്കേണ്ടതാണ്.

## 3-5 വാലുവേഷൻ കണക്കാക്കാതെ പഠനമുറിയ്ക്ക് പരമാവധി സബ്സിഡി നൽകി

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറിയുടെ നിർമ്മാണത്തിന് സബ്സിഡി നൽകുന്നതിനായി പട്ടികജാതിവികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥ ആയി തൻവർഷം പദ്ധതി നടപ്പാക്കിയിരുന്നു. (SO 44/18 അടങ്കൽ - 6000000) പദ്ധതിനിർവ്വഹണ മാർഗ്ഗരേഖ പ്രകാരം പഠനമുറിയുടെ നിർമ്മാണത്തിനായുള്ള പ്രവൃത്തി പൂർത്തീകരിച്ചശേഷം അസിസ്റ്റന്റ് എഞ്ചിനീയർ ആയതിന്റെ വാലുവേഷൻ കണക്കാക്കേണ്ടതാണ്. വാലുവേഷൻ തുകയുടെ അടിസ്ഥാനത്തിൽ പരമാവധി 1 ലക്ഷം രൂപയാണ് സബ്സിഡി അനുവദിയ്ക്കാവുന്നത്. എന്നാൽ ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണത്തിന് പരമാവധി സബ്സിഡി അനുവദിച്ചത് വാലുവേഷൻ കണക്കാക്കാതെയാണ്.

| ക്രമനംപർ | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | ബിൽ നംപർ | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ശ്രീജിത് ബി, പഞ്ഞിപ്പുല്ലുംവിളതെക്കേതിൽ, കൊടുമൺ പി.ഓ<br>(പ്ലസ് ടു) | 50000 | 85314 / 27.2.18 | 1-ാം ഗഡു<br>(2-ാം ഗഡു 18-19 ൽ നൽകി) |
| 2 | അതുല്യ.ജി, അതുല്യഭവനം, കൊടുമൺ<br>(പ്ലസ് ടു) | 50000 | 85314 / 27.2.18 | 1-ാം ഗഡു<br>(2-ാം ഗഡു 18-19 ൽ നൽകി) |
| 3 | രമ്യ.വി, അരിങ്കുളത്ത്, അങ്ങാടിക്കൽ തെക്ക് , കൊടുമൺ (പ്ലസ് വൺ) | 50000 | 85314 / 27.2.18 | -ടി- |
| 4 | ഗോപിക.ജി, മുളയറ തെക്കേതിൽ, അങ്ങാടിക്കൽ തെക്ക് പി.ഓ, കൊടുമൺ<br>(പ്ലസ് വൺ) | 50000 | 85314 / 27.2.18 | -ടി- |
| 5 | അർച്ചന.ആർ, സരസ്വതിവിലാസം, അറുകാലിക്കൽ കിഴക്ക്, നെടുമൺ പി.ഓ<br>(പ്ലസ് വൺ) | 50000 | 85314 / 27.2.18 | -ടി- |
| 6 | അഞ്ജന കെ.ആർ, കല്ലുവിളയത്തിൽ തെക്കേതിൽ, നെടുമൺ പി.ഓ (ഡിഗ്രി ഒന്നാം വർഷം) | 50000 | 90409 /16.3.18 | -ടി- |
| 7 | സഞ്ചു വിജയൻ, ചിറയിൽ വടക്കേക്കര മേലേതിൽ,കലഞ്ഞൂർ പി.ഓ<br>(ബി.എ) | 50000 | 85314 / 27.2.18 | -ടി- |
| 8 | അമൽ അനി, മുരുപ്പേൽ, കൂടൽ പി.ഓ<br>(പ്ലസ് ടു) | 50000 | 75476 / 24.3.18 | -ടി- |
| 9 | ആതിരാലക്ഷ്മി.ആർ, ആതിരാഭവനം, പറമലക്കുഴി, കടമ്പനാട് പി.ഓ<br>(പ്ലസ് ടു) | 50000 | 90409 /16.3.18 | -ടി- |

പ്രവൃത്തി പൂർത്തീകരിച്ചുവോ എന്ന് പരിശോധിക്കാതെയും വാലുവേഷൻ കണക്കാക്കാതെയും പരമാവധി സബ്സിഡി അനുവദിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്. അടിയന്തിരമായി വാലുവേഷൻ കണക്കാക്കി സബ്സിഡിത്തുക ക്രമീകരിക്കേണ്ടതാണ്. അതുവരെ ക്രമനംപർ 6 മുതൽ 9 വരെയുള്ള ചെലവുതുക200000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (ക്രമനംപർ 1 മുതൽ 5 വരെയുള്ള ചെലവ് മുൻഖണ്ഡികയിൽ തടസ്സപ്പെടുത്തിയിട്ടുള്ളത് കാണുക).

# 3-6 പഠനമുറിയ്ക്ക് സബ്സിഡി കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചില്ല

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറിയുടെ നിർമ്മാണത്തിന് സബ്സിഡി നൽകുന്നതിനായി പട്ടികജാതിവികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥ ആയി തൻവർഷം പദ്ധതി നടപ്പാക്കിയിരുന്നു. (SO 44/18 അടങ്കൽ - 6000000) പദ്ധതിപ്രകാരം ആദ്യഗഡു ആയി ധനസഹായം കൈപ്പറ്റിയ ചുവടെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയും പണി പൂർത്തീകരിച്ചില്ല.

| ക്രമനംപർ | ഗുണഭോക്താവിന്റെ പേര് | ആദ്യഗഡു ആയി കൈപ്പറ്റിയ തുക | ബിൽ നംപർ, തീയതി |
|---|---|---|---|
| 1 | സൂര്യദാസ്, പ്ലാന്തുണ്ടിൽ വീട്, കടമ്പനാട് (പ്ലസ് ടു) | 50000 | 85314 / 27.2.18 |
| 2 | ദിവ്യ. എസ്, സുരേഷ് ഭവനം, തുവയൂർ തെക്ക് (പി.ഓ) (പി.എച്ച്.ഡി) | 50000 | 85314 / 27.2.18 |
| 3 | ദിനേഷ്, സുമേഷ് ഭവനം, മണ്ണടി (വി.എച്ച്.എസ്.ഇ) | 50000 | 85314 / 27.2.18 |

ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുകയോ അല്ലാത്തപക്ഷം നൽകിയ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

# 3-7 ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ പദ്ധതികൾ നടപ്പാക്കിയില്ല

ഓഡിറ്റ് വർഷം ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 600000 രൂപ വീതം വികസന ഫണ്ട് വകയിരുത്തി ചക്ക പ്രോസസിംഗ് യൂണിറ്റ്, തുണിബാഗ് നിർമ്മാണ യൂണിറ്റ് എന്നീ പദ്ധതികൾ ആവിഷ്കരിച്ചിരുന്നെങ്കിലും ആയത് നടപ്പിലാക്കിയില്ല. ഗ്രാമ സഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ലഭിക്കാത്തതിനാൽ പദ്ധതികൾ ഉപേക്ഷിച്ചു എന്ന് 16-04-19 ൽ 4ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടി അംഗീകരിക്കാവുന്നതല്ല. വേണ്ടത്ര ആസൂത്രണവും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നും ഇടപെടലും പദ്ധതി നടത്തിപ്പിൽ ഇല്ലാഞ്ഞതിനാലാണ് ഗ്രാമസഭ അംഗീകരിച്ച ഗ്രൂപ്പ്സംരംഭങ്ങളെ കണ്ടെത്തി പദ്ധതി നടപ്പാക്കാനാവാതെ പോയത് എന്ന് വിലയിരുത്തുന്നു. അപാകത ഭരണതല നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു

# 3-8 സി എച്ച് സി ക്ക് ഡിജിറ്റൽ എക്സ്-റേ മെഷീൻ അപ്ഗ്രേഡ് ചെയ്യൽ - ലക്ഷ്യ പ്രാപ്തിയിലെത്തിയില്ല്ല

മെഡിക്കൽ ഓഫീസർ (സി എച്ച് സി) നിർവ്വണ ഉദ്യോഗസ്ഥനായി 2016-17, 2017-18 വർഷങ്ങളിൽ നടപ്പാക്കിയ പദ്ധതി പ്രകാരം 889251 രൂപ ചെലവഴിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തിരുവനന്തപുരത്തു നിന്നും ഡിജിറ്റൽ എക്സ്-റേ മെഷീൻ വാങ്ങിയിരുന്നു. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വർഷം | പദ്ധതിയുടെ പേര്/നം | അടങ്കൽ | ചെലവ് | ബിൽ നം |
|---|---|---|---|---|---|
| 1 | 2016-17 | ഏനാദിമംഗലം സി എച്ച് സി ക്ക് എക്സ്-റേ മെഷീൻ സ്ഥാപിക്കൽ/ SOO63/17 | 1584792 | 646223 | ലഭ്യമാക്കിയില്ല |
| 2 | 2017-18 | ഏനാദിമംഗലം സി എച്ച് സി ക്ക് എക്സ്-റേ മെഷീൻ സ്ഥാപിക്കൽ/ SOO29/18 | 938569 | 243028 | 1/17-18 /26-07-17 |
| | **ആകെ** | | **2423361** | **889251** | |

തുടർന്ന് എക്സ്-റേ യൂണിറ്റിന് ഡിജിറ്റൽ അപ്ഗ്രേഡബിലിറ്റി ഒരുക്കുന്നതിനായി മെഡിക്കൽ ഓഫീസർ , സി എച്ച് സി 2017-18 ൽ നടപ്പാക്കിയ പദ്ധതികൾ പ്രകാരം 1192444രൂപ ചെലവഴിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തിരുവനന്തപുരത്തു നിന്നും തന്നെ കംപ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫ് മെഷീൻ വാങ്ങുകയുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ | വർഷം | പദ്ധതിയുടെ പേര്/നം | അടങ്കൽ | ചെലവ് | ബിൽ |
|---|---|---|---|---|---|

| നം | | | | | നം |
|---|---|---|---|---|---|
| 1 | 2017-18 | ഏനാദിമംഗലം സി എച്ച് സി ക്ക് എക്സ്-റേ യൂണിറ്റ് - ഡിജിറ്റൽ അപ്ഗ്രേഡബിലിറ്റി ഒരുക്കൽ / SOO30/18 | 886320 | 886320 | 7/17-18 /12-01-18 |
| 2 | 2017-18 | ഏനാദിമംഗലം സി എച്ച് സി ക്ക് എക്സ്-റേ യൂണിറ്റ് - ഡിജിറ്റൽ അപ്ഗ്രേഡബിലിറ്റി ഒരുക്കൽ/ SOO33/18 | 306124 | 306124 | 8/17-18 /12-01-18 |
| | **ആകെ** | | **1192444** | **1192444** | |

സി എച്ച് സിയുടെ പുതിയ കെട്ടിട നിർമ്മാണത്തിന് മുന്നോടിയായി മണ്ണെടുപ്പും അനുബന്ധ പ്രവൃത്തികളും നടത്തിയപ്പോൾ നിലവിലുള്ള എക്സ്-റേകെട്ടിടത്തിലേക്കുള്ള വൈദ്യുത കണക്ഷനും എർത്തിങ്ങിനും കേട് സംഭവിച്ചതായി ഫയലിൽ നിന്നം വ്യക്തമായി. ഇത് പരിഹരിക്കുന്നതിന്

പി ഡബ്ളിയു ഡി ഇലക്ട്രിക്കൽ വിഭാഗം 80000 രൂപയുടെ എസ്റ്റിമേറ്റ് 01-02-19 -ൽ എടുത്ത് നൽകിയിട്ടുണ്ട്. ആയത് എച്ച് എം സി അംഗീകരിച്ച ശേഷം ബ്ളോക്ക് പഞ്ചായത്തിന്റെ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയതിന്മേൽ നാളിതുവരെ തുടർനടപടി സ്വീകരിക്കപ്പെട്ടില്ല. എക്സ്-റേകെട്ടിടത്തിലേക്കുള്ള വൈദ്യുത കണക്ഷനിൽ വന്ന തകരാർ പരിഹരിക്കാത്തതിനാൽ 2018-ൽ വാങ്ങിയ ഡിജിറ്റൽ എക്സ്-റേ മെഷീനും കംപ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി മെഷീനും ഇപ്പോഴും സ്ഥാപിക്കാനായിട്ടില്ല.

എക്സ്-റേകെട്ടിടത്തിൽ കംപ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി മെഷീൻ പ്രവർത്തിപ്പിക്കുന്നതിനായി എ സി സ്ഥാപിക്കുന്നതിന് മെഡിക്കൽ ഓഫീസർ (സി എച്ച് സി) നിർവ്വണ ഉദ്യോഗസ്ഥനായി 2016-17 ലെ വാർഷിക പദ്ധതി പ്രകാരം 53486 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തിരുവനന്തപുരത്തിനു നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ആയത് ലഭ്യമാക്കിയിട്ടില്ല.

ലക്ഷങ്ങൾ ചെലവഴിച്ച് വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാതെ തുടരുമ്പോഴും ഇക്കാര്യത്തിൽ ബ്ളോക്ക് പഞ്ചായത്ത് അടിയന്തിര നടപടി സ്വീകരിക്കാത്തത് അഭിലഷണീയമല്ല.

വൈദ്യുത കണക്ഷനിൽ വന്ന തകരാർ പരിഹരിക്കുന്നതിനും എ സി സ്ഥാപിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതും അപ്ഗ്രേഡ് ചെയ്ത നിലയിൽ ഡിജിറ്റൽ എക്സ്-റേ യൂണിറ്റ് പ്രവർത്തനക്ഷമമാക്കേണ്ടതുമാണ്.

# 3-9 മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി എച്ച് സി) |
| പ്രൊജക്ട് നം | SOO31/18 |
| അടങ്കൽ | 500000 |
| ചെലവ് | 500000 |

സി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ 01-09-17 ലെ പി ആർ എഫ്- PRF 433നമ്പർ പ്രോഫോർമ ഇൻവോയിസ് പ്രകാരം 200000രൂപയും 02-11-2017ലെ പി ആർ എഫ്- 1845 നമ്പർ പ്രോഫോർമ ഇൻവോയിസ് പ്രകാരം 300000രൂപയും ഉൾപ്പെടെ 500000 രൂപ (ട്രഷറി ബിൽ നമ്പർ 06/13.12.17) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മാനേജിങ്ങ് ഡയറക്ടർക്ക് 13-12-17-ൽ പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ട് നംപർ 3624001800000019-ലേക്ക് കൈമാറിയിട്ടുണ്ടെങ്കിലും 422677 രൂപയുടെ മരുന്നുകൾ മാത്രമേ നാളിതുവരെ ലഭിച്ചിട്ടുള്ളൂ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം/ തീയതി | മരുന്നു ലഭിച്ച തീയതി | തുക |
|---|---|---|
| 8011/ 20-02-18 | 24/02/18 | 93793 |
| 9106/22/03/18 | 26/03/18 | 45516 |

| | | |
|---|---|---|
| 8179/07/09/18 | 11/09/18 | 9435 |
| 11210/26/10/18 | 15/11/18 | 9974 |
| 11718/01/11/18 | 30/11/18 | 5832 |
| 1269/01/11/18 | 30/11/18 | 14867 |
| 13331/26/11/18 | 22/02/19 | 3269 |
| 13584/28/11/18 | 22/02/19 | 838 |
| 15155/28/12/18 | 22/02/19 | 48038 |
| 2704/14/03/19 | 09/04/19 | 21061 |
| 809/20/02/18 | 03/03/18 | 31055 |
| 429/19/03/18 | 03/04/18 | 11926 |
| 8906/19-03/18 | 06/04/18 | 3122 |
| 11721/01/11/18 | 30/11/18 | 9300 |
| 1316/02/11/18 | 08/11/18 | 21418 |
| 13818/30/11/18 | 21/01/19 | 8900 |
| 13333/26-11-18 | 22/02/19 | 6132 |
| 15151/28/12/18 | 22/02/19 | 50941 |
| 2254/28/12/18 | 22/02/19 | 2402 |
| 2707/14/03/19 | 15/03/19 | 24958 |
| **ആകെ** | | **422677** |

പണം നൽകി ഒരു വർഷം കഴിഞ്ഞിട്ടും 77223രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു. നിർധനരായ രോഗികൾക്ക് ആശ്വാസമാകേണ്ട ആരോഗ്യ കേന്ദ്രങ്ങൾക്ക് യഥാസമയം മരുന്നുകൾ ലഭ്യമാക്കാത്തത് ഗൗരവകരമായി വീക്ഷിക്കേണ്ട വസ്തുതയാണ്. ഈ വിഷയത്തിൽ ബ്ലോക്ക്പഞ്ചായത്ത് കമ്മിറ്റി അടിയന്തിരമായി ഇടപെടേണ്ടതും ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-10 ലൈഫ് പദ്ധതി ഒന്നാം ഘട്ടം - അവസാന ഗഡു കൈപ്പറ്റിയില്ല

ബ്ലോക്ക് പഞ്ചായത്ത് 2017-18 വർഷം നടപ്പിലാക്കിയ ലൈഫ് പദ്ധതി ഒന്നാം ഘട്ടത്തിലെ അവസാന ഗഡു താഴെപ്പറയുന്ന ഗുണഭോക്താക്കൾ കൈപ്പറ്റിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പേര് | പഞ്ചായത്ത് | അനുവദിച്ച തുക | കൈപ്പറ്റിയ തുക | ബാലൻസ് തുക |
|---|---|---|---|---|---|
| 1 | ലീലാമ്മ തോമസ്, ടോജി ഭവനം, കൊടുമൺ | കൊടുമൺ | 293333 | 288473 | 4860 |
| 2 | ലീല, പുത്തൻ വിള, കൊടുമൺ | കൊടുമൺ | 373333 | 368500 | 4833 |
| 3 | ചെല്ലമ്മ, നെല്ലിവിളയിൽ, ഏറത്ത്. | ഏറത്ത് | 291833 | 275000 | 16833 |
| 4 | ബിന്ദു കുമാരി, മരുതിവിള പുത്തൻ വീട്, കലഞ്ഞൂർ | കലഞ്ഞൂർ | 380000 | 355000 | 25000 |

അവസാന ഗഡു കൈപ്പറ്റിയിട്ടില്ലാത്ത മേൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് വീടുപണി പൂർത്തീകരിക്കുവാൻ അടിയന്തിര നിർദ്ദേശം നൽകേണ്ടതും അല്ലാത്ത പക്ഷം നൽകിയ തുക പിഴപ്പലിശ സഹിതം തിരികെ ഈടാക്കേണ്ടതുമാണ്.

## 3-11 സംയുക്തപദ്ധതികൾ - ആസൂത്രണത്തിൽ വീഴ്ച

2017-18 ലെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം, ഗ്രാമപഞ്ചായത്തുകൾ ബ്ളോക്ക് പഞ്ചായത്തിലേക്ക് നൽകുന്ന നിർദ്ദേശങ്ങൾ, ഗ്രാമസഭകൾക്ക് സമാനമായി ബ്ളോക്ക് പഞ്ചായത്തിൽ സംഘടിപ്പിക്കുന്ന ജനപ്രതിനിധികളുടെ യോഗത്തിലെ ശുപാർശകൾ എന്നിവ പരിഗണിച്ചാണ് സംയുക്തപദ്ധതികൾ തയ്യാറാക്കേണ്ടത്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ കരടു പദ്ധതിരേഖ തയ്യാറാക്കുന്നതിനു മുൻപ്, ജില്ലാ തലത്തിൽ ത്രിതല പഞ്ചായത്തുകൾ ചേരുന്ന യോഗത്തിലൂടെ ചർച്ച ചെയ്ത് സംയുക്തപദ്ധതികൾ ആവിഷ്കരിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള കൂടിയാലോചനകൾ ഉണ്ടാകാഞ്ഞതിനാൽ തൻ വർഷം സംയുക്തപദ്ധതികൾ ഫലപ്രദമായി

നടപ്പാക്കാനായില്ല. ഉദാഹരണമായി 10.5 ലക്ഷം അടങ്കൽ വകയിരുത്തി അംഗീകാരം വാങ്ങിയ " പാലിയേറ്റീവ് കെയർ വിഹിതം നൽകൽ (SO24/18)" എന്ന സംയുക്തപദ്ധതി പ്രകാരം പള്ളിക്കൽ ഗ്രാമപഞ്ചായത്തിന് വിഹിതമായി നൽകിയ 300000 രൂപ മാത്രമാണ് ആകെ ചെലവ്. അഗതി ആശ്രയ പദ്ധതിക്ക് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതിന് തൻവർഷം പദ്ധതി ആസൂത്രണം ചെയ്യുകപോലുമുണ്ടായില്ല. സംയുക്തപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ തൻവർഷം ഗുരുതരമായ വീഴ്ച വരുത്തിയതായി വിലയിരുത്തുന്നു.

അപാകത ആവർത്തിക്കാതിരിക്കുന്നതിന് ഭരണതല നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-12 അക്കൗണ്ടിൽ നിഷ്ക്രിയമായി അവശേഷിക്കുന്ന തുക സംബന്ധിച്ച തുടർനടപടികളില്ല

വിവിധ അക്കൗണ്ടുകളിൽ തുക നിഷ്ക്രിയമായി അവശേഷിക്കുന്നത് സംബന്ധിച്ച് മുൻ റിപ്പോർട്ടിൽ നൽകിയിരുന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

1. ഐ എ വൈ അക്കൗണ്ട്

എസ് ബി ഐ പറക്കോട് ശാഖയിലെ ഐ എ വൈ യുടെ 67101314664നം അക്കൗണ്ടിൽ ഓഡിറ്റ് തീയതി വരെ 707837 രൂപ നിഷ്ക്രിയമായി അവശേഷിക്കുന്നു. ഇതിൽ 76846 രൂപ വീടുപണി പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണ്. പലിശയിനത്തിൽ അവശേഷിക്കുന്ന 630990 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

2. ബാങ്ക് ഓഫ് ബറോഡ - മിസലേനിയസ് അക്കൗണ്ട്

ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ബാങ്ക് ഓഫ് ബറോഡയുടെ 6961 നം അക്കൗണ്ടിൽ മിസലേനിയസ് ഇനത്തിൽ ഓഡിറ്റ് തീയതി വരെ 2196264 രൂപ നിഷ്ക്രിയമായി അവശേഷിക്കുന്നു. പ്രസ്തുത തുകയിൽ പൈക്ക ഫണ്ട്, RLEGP അക്കൗണ്ട് ക്ളോസ് ചെയ്ത തുക എന്നിവ ഒഴികെയുള്ള തുകകൾ തനത് ഫണ്ട് സ്രോതസായി പരിഗണിച്ച് വാർഷിക പദ്ധതിയിൽ വകയിരുത്തി ചെലവഴിക്കാവുന്നതാണെന്ന് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് പാലിച്ചിട്ടില്ല. നിർദ്ദേശം പാലിക്കേണ്ടതാണ്.

3പൈക്ക – കേന്ദ്ര സഹായം

രാജ്യത്തെ ഗ്രാമീണ മേഖലയിൽ കായിക വിനോദത്തിനായി അവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുവാൻ ലക്ഷ്യമിട്ട് കേന്ദ്രയുവജന കാര്യ കായിക മന്ത്രാലയം നടപ്പാക്കുന്ന പദ്ധതിയായ പൈക്കയ്ക് 2014 വർഷം ഒറ്റത്തവണ പ്രാരംഭ മൂലധനഗ്രാന്റിന്റെ ഒന്നാം ഗഡുവായി കേന്ദ്രസർക്കാർ 380000 രൂപ ബ്ളോക്ക് പഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്. ഈ തുക ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ബാങ്ക് ഓഫ് ബറോഡയുടെ 6961 നം അക്കൗണ്ടിൽ മിസലേനിയസ് ഇനത്തിൽ നിഷ്ക്രിയമായി അവശേഷിക്കുന്നു. പൈക്ക ഫണ്ട് ഫലപ്രദമായി വിനിയോഗിക്കണമെന്ന് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് പാലിച്ചിട്ടില്ല. മേൽ നിർദ്ദേശം പാലിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

ഇല്ല

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| പ്രവൃത്തിയുടെ പേര്, പ്രോജക്ട് നംപർ | നിക്ഷേപിച്ച സ്ഥാപനം | ഡെപ്പോസിറ്റ് ചെയ്ത തുക | ബിൽ നംപർ, തീയതി | പൂർത്തീകരണ വിവരങ്ങൾ |
|---|---|---|---|---|
| കൊടുമൺ അങ്ങാടിക്കൽ വാളക്കട ജംഗ്ഷൻ - | കേരള വാട്ടർ അതോറിറ്റി | 120000 | 590134 / 24.10.17 | പൂർത്തീകരിച്ചിട്ടില്ല<br>പൂർത്തീകരിച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| തെക്കുംഭാഗം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO25/18 | | | | പൂർത്തീകരിച്ചിട്ടില്ല |
| ചാമക്കുന്നിൽപ്പടി - പുത്തൻവിളപ്പടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO25/18 | കേരള വാട്ടർ അതോറിറ്റി | 580000 | | പൂർത്തീകരിച്ചിട്ടില്ല |
| കിളിക്കോട് മർത്തോമ്മാചർച്ച് - വാഴോട്ട് തോട് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO25/18 | കേരള വാട്ടർ അതോറിറ്റി | 485000 | | |
| കൊടുമൺ ഗ്രാമപ്പഞ്ചായത്ത് - വിവിധ പ്രദേശങ്ങളിലെ ഇന്റർ കണക്ഷൻ പ്രവൃത്തികളും പൈപ്പ് ലൈൻ എക്സ്റ്റൻഷനും SO25/18 | കേരള വാട്ടർ അതോറിറ്റി | 640000 | | |
| കോടിയാട്ട്പടി - രണ്ടാംകുറ്റി വാർഡ് 11,12 - പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO25/18 | കേരള വാട്ടർ അതോറിറ്റി | 225000 | 166559 / 15.3.18 | പൂർത്തീകരിച്ചിട്ടില്ല |
| വല്ലഭത്തുമൂട് കിഴക്കേയറ്റത്ത്പടിയിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO25/18 | കേരള വാട്ടർ അതോറിറ്റി | 419900 | 1257874 / 24.3.18 | പൂർത്തീകരിച്ചിട്ടില്ല |
| അട്ടക്കോട് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO26/18 | കേരള വാട്ടർ അതോറിറ്റി | 90000 | | |
| തെങ്ങുംതാര – മുല്ലംകുഴി കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO26/18 | കേരള വാട്ടർ അതോറിറ്റി | 500000 | | |
| ചാങ്ങലിൽ- വള്ളിക്കുളം കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO26/18 | കേരള വാട്ടർ അതോറിറ്റി | 600000 | 910296 / 23.1.18 | പൂർത്തീകരിച്ചിട്ടില്ല |
| പ്ലാച്ചേരിൽ കോളനി (വാർഡ് 12) പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO26/18 | കേരള വാട്ടർ അതോറിറ്റി | 110000 | | |
| കൊടുമൺ ചിറയിൽ നിന്നും മിച്ചഭൂമി - ഇരുളിക്കൽ കോളനിയിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷനും ഇന്റർ കണക്ഷൻ പ്രവൃത്തികളും SO26/18 | കേരള വാട്ടർ അതോറിറ്റി | 650000 | 1000254 / 12.2.18 | പൂർത്തീകരിച്ചിട്ടില്ല |
| മൂഴിക്കൽ ലക്ഷംവീട് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO26/18 | കേരള വാട്ടർ അതോറിറ്റി | 710000 | 87653 / 26.3.18 | പൂർത്തീകരിച്ചിട്ടില്ല |
| അമ്മകണ്ടകര നാലുസെന്റ് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO26/18 | കേരള വാട്ടർ അതോറിറ്റി | 360000 | 01363 / 28.3.18 | പൂർത്തീകരിച്ചിട്ടില്ല |
| സി എച്ച് സി - പുതിയ കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ SO 11/2018 | പി ഡബ്ല്യു ഡി (ഇലക്ട്രിക്കൽ വിഭാഗം, തിരുവനന്തപുരം.) | 7477000 | 353809/ 26-03-18 | ആരംഭിച്ചിട്ടില്ല |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

# 4-4 വായ്പ / വായ്പാ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് മുതൽ | പലിശ | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| 1 | ഐ.എ.വൈ | ജി.ഒ. (എം.എസ്.) 5675/B2/201, 31.05.2013 | 5000000 | 1712741 | 1400000 | - | 312741 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം | ഓഡിറ്റ് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|---|---|
| 1 | 2007-08 | 3-7(1) | 35523 | ശ്രീമതി വി. ജി. വൽസല, അസി എക്സി. എൻജിനീയർ, എൽ എസ് ജി ഡി. | 117040100003/21-06-17 |
| 2 | 2007-08 | 3-7(2) | 35523 | ശ്രീ ഇസ്മയിൽ, അസി എൻജിനീയർ, എൽ എസ് ജി ഡി. | 117040100002/12-06-17 |
| 3 | 2007-08 | 3-7(3) | 35523 | ശ്രീ മുരളീധരൻ, സെക്രട്ടറി | 117040100004/21-08-17 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| *ഓഡിറ്റ് വർഷം* | *ഖണ്ഡിക നം.* | *സമാഹൃത റിപ്പോർട്ട് വർഷം* | *വിഷയം* | *ഇപ്പോഴത്തെ അവസ്ഥ* |
|---|---|---|---|---|
| 2003-04 | 2-8. | 2007-08 | പാറക്കുഴി - പറമ്പിക്കുഴി എലാ ബണ്ട് നിർമ്മാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച്. | 2007-08 ൽ ടി പ്രവൃത്തി പൂർത്തീകരിച്ചതായി കാണിച്ചുകൊണ്ട് സർക്കാരിലേക്ക് 06-12-14 ൽ മറുപടി നൽകിയിട്ടുണ്ട് |
| 2006-07 | 2-1. | 2006-07 | വനിതാക്ഷേമം (ജനറൽ, എസ് സി പി) പദ്ധതി ലക്ഷ്യത്തിൽ മാറ്റം വരുത്തി നടപ്പിലാക്കി | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |
| | 2-2. | | വനിതാക്ഷേമം- തയ്യൽ മെഷീൻ വിതരണം ചെയ്യാത്തത് സംബന്ധിച്ച് | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 14 തയ്യൽ മെഷീൻ വിതരണം ചെയ്തു. |
| | 2-6. | | വൃദ്ധർ വികലാംഗക്ഷേമം പദ്ധതി നടത്തിപ്പിലെ അപാകതകൾ | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |

# 4-8 ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

എ. <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ, റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 173597122 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 140126427 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1693594 |

ബി. <u>ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

സി. <u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2. | 583594 | ശ്രീ ശശികുമാർ വി, സെക്രട്ടറി |
| 3-4. | 810000 | ശ്രീമതി റാണി പി ജി, പട്ടികജാതി വികസന ഓഫീസർ |
| 3-4 | 50000 | ശ്രീമതി.അഞ്ജന ജെ.ആർ, സെക്രട്ടറി |
| 3-4 | 50000 | ശ്രീ.ശശികുമാർ.വി, സെക്രട്ടറി |
| 3-5. | 200000 | ശ്രീമതി റാണി പി ജി, പട്ടികജാതി വികസന ഓഫീസർ |
| **ആകെ** | **1693594** | |

ഡി. <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റ വിവരം</u>

ഇല്ല

ഇ. <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

എഫ്. <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേര്, ഉദ്യോഗപ്പേര് | സ്ഥിരവിലാസം | ഓഡിറ്റ് വേളയിലെ വിലാസം |
|---|---|---|
| ശ്രീ ശശികുമാർ വി, സെക്രട്ടറി | മിനി സദനം, കുളക്കട താഴം പി ഒ, താഴത്തുകുളക്കട | വിവരം ലഭ്യമാക്കിയില്ല |
| ശ്രീമതി റാണി പി ജി, പട്ടികജാതി വികസന ഓഫീസർ | പാലവിളയിൽ, അങ്ങാടിക്കൽ സൗത്ത് | പട്ടികജാതി വികസന ഓഫീസർ, പറക്കോട് ബ്ളോക്ക് |
| ശ്രീമതി. അഞ്ജന. ജെ.ആർ, സെക്രട്ടറി | ചെറുപുഷ്പവിലാസം, പെരിങ്ങമല, കല്ലിയൂർ പി.ഓ, തിരുവനന്തപുരം | ലഭ്യമാക്കിയില്ല |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക |
|---|---|---|
| 2003-04 | എൽ.എഫ്.പി.റ്റി.എ – പി6/940/06, തീയതി 09-07-07 | |
| 2004-05 | എൽ.എഫ്.പി.റ്റി.എ – പി6/ 877/06, തീയതി 06-12-07 | |
| 2005-06 | എൽ.എഫ്.പി.റ്റി.എ – പി6/ 878/06, തീയതി 11-12-07 | |
| 2006-07 | എൽ.എഫ്.പി.റ്റി.എ – പി6/561/08, തീയതി 13-03-09 | 1 |
| 2008-09 | എൽ.എഫ്.പി.റ്റി.എ – പി2/29/11, തീയതി 11-05-11 / 11-07-11 | 7 |
| 2009-10 | എൽ.എഫ്.പി.റ്റി.എ – പി2/ 30/11, തീയതി 10-10-11/16-03-12 | 17 |
| 2010-11 & 2011-12 | **എൽ.എഫ്.പി.റ്റി.എ – പി2/236/13, തീയതി 30-11-13 /13-12-13** | |
| 2012-13 | **എൽ.എഫ്.പി.റ്റി.എ – പി2/ 226/14, തീയതി 09-05-14** | |
| 2013-14 | **എൽ.എഫ്.പി.റ്റി.എ – പി2/ 256/15, തീയതി 13-07-15** | |
| 2014-15 | കെ എസ് എ പി.റ്റി.എ – പി2/1012/16, തീയതി 07-09-16 | |
| 2015-16 | **കെ എസ് എ പി.റ്റി.എ – പി13/215/17, തീയതി 15-04-17** | |
| 2016-17 | **കെ എസ് എ പി.റ്റി.എ – പി12/1303/17, തീയതി 07-12-17** | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഹബീബ് മുഹമ്മദ്**

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

# ANNEXURE - I AUDIT CERTIFICATE

No.KSA.PTA.P12 / 322 /2019 Date 10.5.2019

Certified that I have examined the Annual Financial Statement of **Parakkode Block Panchayat** in Pathanamthitta district for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Parakkode Block Panchayat** for the year 2017-18 properly presents the picture of income and expenditure.

**Habeeb Muhammad**

**Senior Deputy Director**

**Kerala State Audit Department**

**Pathanamthitta**

# <u>അനുബന്ധം -1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.പി.റ്റി.എ.പി12/ 322/2019 തീയതി 10.5.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ **പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ **പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18**-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഹബീബ് മുഹമ്മദ്**

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട**